മോഷ്ടിച്ച നാണയത്തിന്റെ എത്രയോ ഇരട്ടി അമ്മയ്ക്ക് തിരികെ നൽകുമെന്ന് വാശിയെടുത്തെങ്കിലും അതിനൊന്നും കാത്തുനിൽക്കാതെ മുത്തശ്ശി മരിച്ചു. സോമരാജന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കിയ സന്ദർഭങ്ങളിൽ ഏറ്റവും പ്രധാനവും അതുതന്നെ. ഇതിനിടെ ജീവിക്കാൻ മാർഗമില്ലാതെ ദൂരെസ്ഥലങ്ങളിൽ കൂലിപ്പണി തേടിപ്പോയി.

ഒരിക്കൽ യാത്രയ്ക്കിടെ അവിചാരിതമായാണ് പാറുക്കുട്ടിയെന്ന അമ്മയെ കണ്ടെത്തിയത്. തന്റെ അമ്മ(അമ്മൂമ്മ)യെപ്പോലെ കാഴ്ചയിൽ. കാര്യങ്ങൾ കൂടുതൽ അന്വേഷിച്ച സോമരാജൻ ആരും സംരക്ഷിക്കാനില്ലാതെ അനാഥമായി കിടന്ന ആ അമ്മയെ സ്വീകരിച്ച് വൃദ്ധസദനം എന്ന സങ്കൽപ്പം യാഥാർഥ്യമാക്കി. അതിനുമുമ്പ് ഈ ലക്ഷ്യത്തോടെ രൂപീകരിച്ച ഒരു സംഘടനക്ക് 2002 നവംബർ 20ന് ഡോ. സുകുമാർ അഴീക്കോട് സോമരാജന് വേണ്ടി ഭദ്രദീപം കൊളുത്തിയിരുന്നു.

2004ൽ കൊല്ലം ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ ബുദ്ധിമാന്ദ്യമുള്ളവരെ പരിശീലിപ്പിക്കാൻ ഗാന്ധിഭവൻ പ്രത്യേകമായി സ്കൂൾ സ്ഥാപിച്ചു. തുടർന്ന് ചിൽഡ്രൻസ് ഹോം നിലവിൽവന്നു. ഒരു വാടക കെട്ടിടത്തിൽനിന്ന് പല വാടകകെട്ടിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിച്ചു. 2005 ആഗസ്തിൽ കുണ്ടയത്ത് ഇപ്പോൾ ഗാന്ധിഭവൻ ആസ്ഥാനമായ സ്ഥലം വാങ്ങി. ഒക്ടോബറിൽ താൽക്കാലികമായി സ്ഥാപിച്ച ഷെഡുകളിൽ അന്തേവാസികൾ താമസമായി. 2006ൽ ഓൾഡേജ് ഹോം, ചിൽഡ്രൻസ് ഹോം അംഗീകാരങ്ങൾക്ക് പുറമെ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ, കേന്ദ്ര സർക്കാർ നാഷണൽ ട്രസ്റ്റ് അംഗത്വം എന്നിവ ഗാന്ധിഭവന് ലഭിച്ചു. 2007 നവംബറിൽ ജീവകാരുണ്യ സംസ്കാരം വളർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മലയാളത്തിലെ ആദ്യത്തെ ജീവകാരുണ്യ മാസിക 'സ്നേഹരാജ്യം' ആരംഭിച്ചു. റിപ്പോർട്ടർ ടിവിയുടെ ആരോഗ്യപ്രവർത്തനത്തിനുള്ള ജനനായക അവാർഡ് ഗാന്ധിഭവന് ലഭിച്ചു. വിഭിന്ന ശേഷിയുള്ളവരെ പാർപ്പിക്കുന്ന സംസ്ഥാന അവാർഡും ഗാന്ധിഭവന് ലഭിച്ചു. 2007ൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് അവാർഡ്, 2003ൽ അംഗവൈകല്യമുള്ളവരെ പാർപ്പിക്കുന്ന സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ്,



ഗാന്ധിഭവനിലെ അന്തേവാസികൾ

2009ൽ ജില്ലാ ഭരണകൂടത്തിന്റെ അവാർഡ് എന്നിവ ലഭിച്ചു. 2009ൽ ഗാർഹിക പീഡന നിരോധനനിയമം നടപ്പാക്കുന്ന സർവീസ് പ്രൊവൈഡറായി ഗാന്ധിഭവനെ സർക്കാർ നിയമിച്ചു. 2001ൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരീപ്ര ശരണാലയം അഭയ കേന്ദ്രമായി ഏറ്റെടുത്തു. കേരള സംഗീത നാടക അക്കാദമി ഓഫ് ക്യാമ്പസ് കൂടിയാണ് ഇപ്പോൾ ഗാന്ധിഭവൻ. സ്ത്രീ പുരുഷന്മാർക്കുള്ള സുരക്ഷാവീട്, മാനസിക രോഗങ്ങൾക്ക് അടിമപ്പെട്ടവരുടെ പുനരധിവാസകേന്ദ്രം, ലഹരിക്കടിമപ്പെട്ടവരെ കിടത്തി ചികിത്സിക്കുന്ന കസ്തൂർബാഗാന്ധി ഭവൻ, ഗാന്ധിഭവൻ ഫിനിക്സ് ഹോസ്പിറ്റൽ പാലിയേറ്റിവ് കെയർ സെന്റർ, സ്നേഹഗ്രാമം പഞ്ചായത്ത് എന്നിവയും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.



പിണറായി വിജയൻ ഗാന്ധിഭവൻ സന്ദർശിച്ചപ്പോൾ. കെ എൻ ബാലഗോപാൽ എംപി, പുനലൂർ സോമരാജൻ തുടങ്ങിയവർ സമീപം



സംസാരിച്ചിരിക്കുന്നതിനിടെ അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള ഒരു സുന്ദരിക്കുട്ടി-ശീതൾ, അച്ഛായെന്നുവിളിച്ച് ഓടിക്കയറി വന്ന് സോമരാജന്റെ കഴുത്തിൽ വട്ടംചുറ്റി. കംപ്യൂട്ടർ മേശപ്പുറത്തിരിക്കുന്ന എന്തോ വസ്തു നോട്ടമിട്ടാണ് അവളുടെ വരവ്. ഈ അറുപതുകാരന് ഇത്രയും കുഞ്ഞു മകളോ? എന്റെ കണ്ണിലെ സംശയം കണ്ടാവണം സോമരാജൻ അവളുടെ കഥപറഞ്ഞു. ആരും രക്ഷിക്കാനില്ലാത്ത അവസ്ഥയിൽ അവളുടെ അമ്മയെ തെരുവിൽനിന്ന് ലഭിക്കുമ്പോൾ പൂർണ ഗർഭിണിയായിരുന്നു. ഗാന്ധിഭവനിൽ കൊണ്ടുവന്ന് നാളുകൾക്കുള്ളിൽ അവർ പ്രസവിച്ചു. കുഞ്ഞിന്റെ അച്ഛനാരെന്ന് അറിയില്ല. ആരും അതേപ്പറി അവളോട് ഇതുവരെ ചോദിച്ചിട്ടുമില്ല. ഇപ്പോൾ ശീതളിന്റെ അച്ഛൻ സോമരാജനാണ്. പുറത്തെവിടെപ്പോയി തിരികെയെത്തുമ്പോഴും അവർക്കായി എന്തെങ്കിലും കരുതിക്കൊണ്ടുവരുന്ന അച്ഛൻ. അത് അവളുടെ അവകാശം കൂടിയാണ് ഇപ്പോൾ.

**പുനലൂർ സോമരാജൻ എന്ന മനുഷ്യനോട് വല്ലാത്ത ആദരവ് തോന്നുന്നു. തന്റെയൊപ്പമുള്ള ആയിരത്തിലേറെ ജീവിതങ്ങളുടെ കാരണവരാണദ്ദേഹം. കഴിഞ്ഞദിവസം പിറന്നതുമുതൽ മരണക്കിടക്കയിലേക്ക് നീളുന്നവരുൾപ്പെടെയുള്ള ആയിരങ്ങളുടെ സ്നേഹവും സാന്ത്വനവുമാണ്.**

ഗാന്ധിഭവനിൽ ഏതുസമയത്ത് എത്തിയാലും കുടിക്കാനും തിന്നാനുമുള്ളതൊക്കെ കിട്ടും. നമ്മൾ ആവശ്യപ്പെട്ടില്ലെങ്കിലും ഇടയ്ക്കിടെ അവിടത്തെ അന്തേവാസികളോ ജീവനക്കാരോ അടുത്തുവന്ന് എന്താണ് കുടിക്കാൻ വേണ്ടതെന്ന് ചോദിച്ചുകൊണ്ടിരിക്കും. അവരുടെ സ്വന്തം പ്രകൃതി ക്കാപ്പി നുണഞ്ഞിരിക്കുമ്പോൾ പെട്ടെന്ന് സോമരാജന് ഒരു ഫോൺകോൾ, തമിഴ്നാട്ടിൽ നൂറുൽ ഹുദാ കോളേജിൽനിന്ന്. ഗാന്ധിഭവനിലെ ഒരു മകൾ അവിടെ എംഎസ്സി കംപ്യൂട്ടർ സയൻസ് വിദ്യാർഥിനിയാണ്. അച്ഛനും അമ്മയുമൊന്നുമില്ലാതെ രണ്ടും നാലും വയസ്സുള്ളപ്പോൾ വന്ന സഹോദരങ്ങളിൽ മൂത്തവൾ. നൂറുൽഹുദക്കാർ സൗജന്യമായാണ് അവളെ പഠിപ്പിക്കുന്നത്. പഠിക്കാൻ മിടുക്കി. റിസൾട്ട് വന്നാലുടൻ അവിടെത്തന്നെ ജോലിയും നൽകുമെന്നുള്ള കോളേജ് അധികാരിയുടെ ഉറപ്പാണ് സോമരാജന്റെ ഫോണിൽ അങ്ങേത്തലയ്ക്കൽ. അവളുടെ സഹോദരൻ കൊല്ലത്തെ ഒരു നിയമ കലാലയത്തിൽ വിദ്യാർഥിയാണ്. ഗാന്ധിഭവനിൽത്തന്നെയാണ് താമസം.

അമ്മ മരിച്ചുപോയ മൂന്ന് പെൺകുട്ടികൾ ഇപ്പോൾ ഗാന്ധിഭവന്റെ അഭിമാനങ്ങളാണ്. തെരുവുജോലിക്കാരനായ അച്ഛന്റെ തുച്ഛ വരുമാനത്തണലിൽ പിടിച്ചുനിൽക്കാനാകാതെ ആത്മഹത്യാപർവത്തോളമെത്തിയവർ. ഗാന്ധിഭവൻ ദത്തെടുത്ത ഇവരിൽ രണ്ടുപേർ ഇപ്പോൾ ബിരുദധാരിണികളാണ്. മൂന്നാമത്തെയാൾ വിദ്യാർഥിയും. അതിലേറെ സന്തോഷം മൂത്ത രണ്ടുപേർക്കും വിവാഹമായി എന്നതാണ്. വിവാഹനിശ്ചയ ചടങ്ങിന്റെ ചിത്രങ്ങൾ കംപ്യൂട്ടറിൽ കാണിക്കുമ്പോൾ സോമരാജന്റെ മുഖം പ്രകാശിക്കുന്നു. ഒരു കടമ നിറവേറ്റിയ അച്ഛന്റെ ചാരിതാർഥ്യത്താൽ. രണ്ടാമത്തെ കുട്ടിയുടെ വിവാഹം ഉടനുണ്ട്. അതും ഗാന്ധിഭവനിൽവച്ചുതന്നെ.

കേരള നിയമസഭയിൽ ഇ എം എസ്, അച്യുതമേനോൻ മന്ത്രിസഭകളുടെ കാലത്ത് എംഎൽഎയായിരുന്ന എം കെ ദിവാകരൻ ഇവിടെയുണ്ടായിരുന്നു. അടുത്തിടെയാണ് മരിച്ചത്. വായനയും എഴുത്തുമായി വാർധക്യകാലം ശാന്തമായി അനുഭവിച്ചുതീർക്കുകയായിരുന്നു അദ്ദേഹമിവിടെ. കവി എ അയ്യപ്പൻ ലഹരിയുടെ പക്ഷികളെ കൈയൊഴിഞ്ഞ് കുറേക്കാലം ഇവിടെ താമസിച്ചു. മുൻകാല ചലച്ചിത്രനടി പാലാ തങ്കം ഇപ്പോഴും ഇവിടെയുണ്ട്. 15 തികയുംമുമ്പെ അമ്മയായി തെരുവിൽ അലഞ്ഞവൾ, സ്വന്തം പിതാവിന്റെ കുഞ്ഞിനെ പ്രസവിക്കേണ്ടിവന്നവൾ, രോഗഗ്രസ്തരായ മാതാപിതാക്കളെ രക്ഷിക്കാൻ ഭിക്ഷാടനം നടത്തിയ ഒമ്പതുകാരി, തിരുവിതാംകൂറിന്റെ അധികാരദുർഗമായിരുന്ന സർ സി പി രാമസ്വാമി അയ്യരുടെ കുടുംബത്തിലെ ചെറുമകൾ ആനന്ദവല്ലിയമ്മാൾ- അങ്ങനെ വലിപ്പച്ചെറുപ്പമില്ലാതെ എത്രയോ പേർ ഇവിടെ താമസിക്കുന്നു.